നൽകുന്നതിനും കമ്പനിക്ക് പാട്ടത്തിന് നൽകിയിരിക്കുന്ന റവന്യൂ ഭൂമി തിരിച്ചു പിടിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും വ്യവസായവകുപ്പ്, തൊഴിൽ വകുപ്പ്, റവന്യൂ വകുപ്പ് മന്ത്രിമാരുടേയും സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയുടെ തീരുമാനങ്ങൾ നടപ്പാക്കുന്നതിനായി സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കൊരട്ടി വൈഗാ ത്രഡ്സ് പ്രോസസേഴ്സ് (പ്രൈവറ്റ്) ലിമിറ്റഡിലെ തൊഴിൽ പ്രശ്നങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 3-7-2013-ൽ നടത്തിയ ചർച്ചയിൽ മാനേജ്മെന്റിന്റെ കൈവശമുള്ള പാട്ട ഭൂമി സർക്കാരിന് സറണ്ടർ ചെയ്യുകയാണെങ്കിൽ തൊഴിലാളികൾക്ക് നൽകാനുള്ള നിയമപരമായ നഷ്ടപരിഹാരം സർക്കാർ നൽകുന്നതാണെന്ന് തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പ്, റവന്യൂ വകുപ്പ് മന്ത്രിമാർ നടത്തിയ യോഗതീരുമാനമനുസരിച്ച് ബഹുമാനപ്പെട്ട കർണ്ണാടക ഹൈക്കോടതിയിൽ നിലവിലുള്ള പെറ്റീഷൻ പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

കടകളിലും മറ്റു സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നവരുടെ തൊഴിൽ പരിരക്ഷ

221 (4507) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കടകളിലും മറ്റ് സ്ഥാപനങ്ങളിലും ജോലി ചെയ്യുവരുന്ന വിവിധ വിഭാഗം ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് തൊഴിൽ വകുപ്പ് കണക്ക് എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) തൊഴിൽ നിയമത്തിലെ ഏത് ആക്ട് പ്രകാരമാണ് ഇവരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുള്ളതെന്നും, ഇവർക്ക് തൊഴിൽ പരിരക്ഷ നൽകുന്നതിനായി എന്തൊക്കെ നിയമങ്ങളാണുള്ളതെന്നും വ്യക്തമാക്കാമോ;

(സി) ഭൂരിപക്ഷം സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനങ്ങളിൽ സ്ത്രീ തൊഴിലാളികൾക്കായി പ്രത്യേകമായി എന്തെങ്കിലും പരിരക്ഷ നൽകുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ഉച്ചമായ സേവന വേതന വ്യവസ്ഥകൾക്കാണ് ഈ തൊഴിലാളികൾ ജോലി ചെയ്യുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തൊഴിൽ വകുപ്പിലെ കണക്കുപ്രകാരം സംസ്ഥാനത്ത് കടകളിലും മറ്റ് വാണിജ്യസ്ഥാപനങ്ങളിലുമായി 6,99,393 പേർ ജോലി ചെയ്യുന്നുണ്ട്.

(ബി) 1948-ലെ മിനിമം വേതന നിയമപ്രകാരമാണ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ളത്.

1960-ലെ കേരള ഷോപ്പ് & കൊമേഴ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമം, 1958-ലെ കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ്) ആക്ട്, 1961-ലെ മെറ്റേണിറ്റി ബെനഫിറ്റ് ആക്ട്, 1948-ലെ ഈക്വൽ റെമ്യൂണറേഷൻ ആക്ട് എന്നീ നിയമപ്രകാരമുള്ള തൊഴിൽ പരിരക്ഷ ജീവനക്കാർക്ക് ലഭിക്കുന്നുണ്ട്.

(സി) 29-8-2014 - ൽ നിലവിൽ വന്ന കേരള ഷോപ്പ് ആന്റ് കൊമേഴ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ ചട്ടം രൂപീകരിക്കുന്നതിന്റേയും, നിലവിലെ ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതിന്റേയും ഭാഗമായി സ്ത്രീ തൊഴിലാളികൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് വിശ്രമത്തിനും, വിശ്രമവേളകളിൽ ഇരിക്കുവാനുമുള്ള സൗകര്യംകൂടി തൊഴിലുടമ സ്ഥാപനത്തിൽ നൽകണമെന്ന വ്യവസ്ഥയും, ക്രെഷ്, ടോയ്ലെറ്റ് സൗകര്യം സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടെയുള്ള ഭേദഗതി പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 23-7-2009-ലെ സർക്കാർ ഉത്തരവ് (എം.എസ്.)100/2009/തൊഴിൽ പ്രകാരം നിശ്ചയിച്ച മിനിമം വേതനമാണ് കടകളിലും വാണിജ്യ സ്ഥപനങ്ങളിലും ജോലി ചെയ്യുന്ന ജീവനക്കാർക്ക് ലഭിക്കുന്നത്. നിലവിലുള്ള മിനിമം വേതന നിരക്കുകൾ പുതുക്കി നിശ്ചയിക്കാൻ മിനിമം വേതന ഉപദേശക സമിതിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് സമിതി, മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തൊഴിൽ വകുപ്പിന് കീഴിലെ ക്ലാസ് നാല് വിഭാഗം ജീവനക്കാരുടെ സ്ഥാനക്കയറ്റം

222 (4508) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തൊഴിൽ വകുപ്പിനുകീഴിൽ ക്ലാസ് നാല് വിഭാഗം തസ്തികയിൽ എത്ര ജീവനക്കാരാണ് ജോലി ചെയ്യു വരുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വിഭാഗം ജീവനക്കാർക്ക് ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നത് ഏതു പ്രകാരമാണെന്ന് വിശദമാക്കാമോ;